"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഊർജ്ജ വകുപ്പ്- 2012 -ലെ കേരള ചെറുകിട ജലവൈദ്യുത നയം-ഖണ്ഡിക 11- ൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഊർജ്ജ (ബി) വകുപ്പ്

സ.ഉ.(കൈ) നം.9/2022/POWER തീയതി,തിരുവനന്തപുരം, 18-06-2022

പരാമർശം:- 1. സ.ഉ(കൈ) നം 25/2012/ഊ.വ, തീയതി 03.12.2012

2. 17.09.2021 -ലെ ഇ. എം .സി ഡയറക്ടറുടെ EMC/428/2021-ETB-5- നമ്പർ കത്ത്

<u>ഉത്തരവ്</u>

പുനരുപയോഗ യോഗ്യമായ ഊർജ്ജമായ (ഹരിത ഊർജ്ജം) ചെറുകിട ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി അരുവികളിലെയും നദികളിലെയും ഒഴുകുന്ന ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നത് 2003 വർഷം മുതൽ തന്നെ സർക്കാർ പ്രോത്സാഹിപ്പിച്ചു വരികയാണ്. ഇത്തരം ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി പരാമർശം (1) പ്രകാരം ചെറുകിട ജലവൈദ്യുത നയം 2012 രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. കൂടുതൽ ചെലവ് കുറഞ്ഞ പുനരുപയോഗ യോഗ്യമായ ഊർജ്ജം ലഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചു നൽകുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ നിലവിലുള്ള ചെറുകിട ജലവൈദ്യുത നയത്തിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിനുള്ള വ്യവസ്ഥ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 2012 ലെ ചെറുകിട ജലവൈദ്യുത നയം ഭേദഗതി വരുത്തേണ്ടതുണ്ട്

3. തുടർന്ന് പരാമർശം (2) പ്രകാരം 2012-ലെ ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 11 ഭേദഗതി വരുത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ താഴെ പറയുന്ന നിർദ്ദേശം സർക്കാരിനു സമർപ്പിക്കുകയുണ്ടായി.

| Clause No | Existing Clause in SHP Policy 2012 | Amendment proposed in Clause |
|---|---|---|
| 11.1 | The allotment process shall be done in two stages. In the first stage, bidders will submit request for qualification (RFQ), which will be evaluated based on their financial strength. In the second stage, the short-listed applicants will be requested for proposals and bids. For each project, the short-listed applicant will be required to quote for a premium per MW, payable upfront, to the Government. | The allotment process shall be done in two stages. In the first stage, bidders will submit request for qualification (RFQ), which will be evaluated based on their financial strength. In the second stage, the short-listed applicants will be requested for proposals and bids. For each project, the short-listed applicants will be required to quote for a premium per MW payable or a tariff for sale of power for the allotted project based on allotment procedure prescribed in RFP (Request for Proposal) document and as per the following<br><br>i. In Premium Based Bidding, applicants will be required to quote the Premium per MW (pro-rata), subject to the minimum threshold premium as per clause 11.2(i), payable upfront to the Government/SHP Cell.<br><br>ii. In Tariff Based Bidding, applicants will be required to quote ceiling tariff at which the applicants will sell power produced, along with payment of the premium as per clause 11.2(ii), payable upfront to the Government/SHP Cell. |

| | | |
|---|---|---|
| 11.2 | The minimum threshold premium shall be Rs.15 Lakh per MW. | The premium shall be the following:<br>i. In Premium Based Bidding, minimum threshold premium shall be Rs. 15 Lakh per MW (pro-rata).<br>ii. In Tariff Based Bidding, fixed premium shall be Rs. 15 Lakh per MW (pro-rata). |
| 11.3 | Project will be allotted to the bidder making highest bids. | Projects will be allotted to<br>i. In Premium Based Bidding, the bidder quoting the highest upfront premium shall be allotted the project.<br>ii. In Tariff Based Bidding, the bidder quoting the lowest Ceiling Tariff shall be allotted the project. |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡിക(3) ൽ കൊട്ടത്തിട്ടുള്ള പട്ടികയിലെ column (3)ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 2012-ലെ കേരള ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 11-ൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

To

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ ✓

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്

സ.ഉ.(കൈ) നം.9/2022/POWER

ലിമിറ്റഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E), തിരുവനന്തപുരം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

പൊതു ഭരണ (എസ് .സി) വകുപ്പിന് ( 15.06.2022-ലെ ഇനം നമ്പർ. 815 പ്രകാരം)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-06-2022

ഫയൽ നം. 106/ബി1/2021/ഊ.വ. ഇനം നം: 815

വിഷയം : ഊർജ്ജ വകുപ്പ് - 2012-ലെ കേരള ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 11 ഭേദഗതി ചെയ്യാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 106/ബി1/2021/ഊ.വ |
| 2. | വകുപ്പ് | ഊർജ്ജ (ബി) വകുപ്പ് |
| 3. | വിഷയം | 2012-ലെ കേരള ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 11 ഭേദഗതി ചെയ്യാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശം- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/10/2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ; | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട്<br>നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ഷീല. ജി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.05.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.06.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ .കെ.കൃഷ്ണൻകുട്ടി |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08.06.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.06.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയു | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1). 2012-ലെ കേരള ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 11 ഭേദഗതി ചെയ്യാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2). പുനരുപയോഗ യോഗ്യമായ ഊർജ്ജ (ഹരിത ഊർജ്ജം) മായ ചെറുകിട ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി അരുവികളിലെയും നദികളിലെയും ഒഴുകുന്ന ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നത് 2003 വർഷം മുതൽ തന്നെ സർക്കാർ പ്രോത്സാഹിപ്പിച്ചു വരികയാണ്. ഇത്തരം ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, ത്വരിതപ്പെടുത്തുന്നതിനുമായി 3/10/2012-ലെ സ.ഉ (എം.എസ്) നം.25/2012/ഊ.വ ഉത്തരവ് പ്രകാരം സർക്കാർ ചെറുകിട ജലവൈദ്യുത നയം 2012 വിജ്ഞാപനം ചെയ്തിട്ടുണ്ട്.

3). കൂടുതൽ ചെലവ് കുറഞ്ഞ പുനരുപയോഗ യോഗ്യമായ ഊർജ്ജം ലഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചു നൽകുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ നിലവിലുള്ള ചെറുകിട ജലവൈദ്യുത നയത്തിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല ആയതിനാൽ താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിനുള്ള വ്യവസ്ഥ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 2012 ലെ ചെറുകിട ജലവൈദ്യുത നയം ഭേദഗതി വരുത്തേണ്ടതുണ്ട്.

4). മേൽ വിവരിച്ച പ്രകാരം 2012-ലെ ചെറുകിട വൈദ്യുത നയത്തിലെ ഖണ്ഡിക 11 ഭേദഗതി വരുത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം താഴെക്കൊടുക്കുന്നു:

| Clause No | Existing Clause in SHP Policy 2012 | Amendment clause in SHP Policy 2012 |
|---|---|---|
| 11.1 | The allotment process shall be done in two stages. In the first stage, bidders will submit request for qualification (RFQ), which will be evaluated based on their financial strength. In the second stage, the short-listed applicants will be requested for proposals and bids. For each project, the short-listed applicant will be required to quote for a premium per MW, payable upfront, to the Government. | The allotment process shall be done in two stages. In the first stage, bidders will submit request for qualification (RFQ), which will be evaluated based on their financial strength. In the second stage, the short-listed applicants will be requested for proposals and bids. For each project, the short-listed applicants will be required to quote for a premium per MW payable or a tariff for sale of power for the allotted project based on allotment procedure prescribed in RFP(Request for Proposal) document and as per the following<br>i. In Premium Based Bidding, applicants will be required to quote the Premium per MW (pro-rata), subject to the minimum threshold premium as per clause 11.2(i), payable upfront to the Government/SHP Cell.<br>ii. In Tariff Based Bidding, applicants will be required to quote ceiling tariff at which the applicants will sell power produced, along with payment of the premium as per clause 11.2(ii), payable upfront to the Government/SHP Cell. |
| 11.2 | The minimum threshold premium shall be Rs.15 Lakhs per MW. | The premium shall be the following.<br>i. In Premium Based Bidding, minimum threshold premium shall be Rs. 15 Lakhs per MW (pro-rata).<br>ii. In Tariff Based Bidding, fixed premium shall be Rs. 15 Lakhs per MW (pro-rata). |

| | | |
|---|---|---|
| 11.3 | Project will be allotted to the bidder making highest bids. | Projects will be allotted to<br>i. In Premium Based Bidding, the bidder quoting the highest upfront premium shall be allotted the project.<br>ii. In Tariff Based Bidding, the bidder quoting the lowest Ceiling Tariff shall be allotted the project. |

5). ഇക്കാര്യം സംബന്ധിച്ച് നിയമ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ ച്ചവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"2012-ലെ Small Hydro Power Policy-യിൽ, 2003-ലെ Electricity Act (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്)-ലെ 61 മുതൽ 64 വരെയുള്ള വ്യവസ്ഥകൾക്കും ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായി ഭേദഗതി വരുത്തുന്നതിൽ നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്."

6). 2012 ലെ ചെറുകിട ജലവൈദ്യുത പോളിസിയിൽ വരുത്തേണ്ട ഭേദഗതികൾ വിശദമായി പരിശോധിക്കുകയും ഇ.എം.സി ശുപാർശ ചെയ്ത ഭേദഗതികൾ 2003-ലെ വൈദ്യുതി നിയമത്തിലെ (2003 ലെ കേന്ദ്ര ആക്റ്റ്) 61-64 വരെയുള്ള വ്യവസ്ഥകളെ ബാധിക്കുന്നവയല്ലാ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും ഇ.എം.സി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

7). ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"Finance Department has no objection to the inclusion of tariff based bidding in Kerala Small Hydro Power Policy".

8). പ്രസ്തുത നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

2012- ലെ കേരള ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡിക 11 ഭേദഗതി വരുത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമർപ്പിച്ച ഖണ്ഡിക 4- ൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശം അംഗീകരിക്കാമോ?.